**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1435** **19-09-2025 - ൽ മറുപടിയ്ക്ക്**

**ശാസ്താംപാറ അഡ്വഞ്ചർ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ശാസ്താംപാറ അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (എ) | തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽശാല ഗ്രാമപഞ്ചായത്തിൽപ്പെട്ട വിളപ്പിൽശാല വില്ലേജിലെ ബ്ലോക്ക് നമ്പർ 2, സർവ്വേ നമ്പർ 341/1 ൽ ഉൾപ്പെട്ട ആകെ പുറമ്പോക്ക് 4.85 ഹെക്ടർ റവന്യൂ ഭൂമി വിനോദസഞ്ചാര വകുപ്പിന് അഡ്വഞ്ചർ ടൂറിസം അക്കാദമി തുടങ്ങുന്നതിനുള്ള ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .<br><br>സ.ഉ.(സാധാ) നം.33/2025/TSM നമ്പർ ഉത്തരവ് പ്രകാരം ടൂറിസം വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും,ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ (TIM) ഭാഗമായി സ്വകാര്യ പൊതു പങ്കാളിത്തത്തോടെ സാഹസിക ടൂറിസം രംഗത്ത് പരിചയവും ഇൻവെസ്റ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കുവാൻ പ്രാഗൽഭ്യമുള്ള ഏജൻസികളെ ടെണ്ടർ മുഖാന്തിരം തെരഞ്ഞെടുത്ത് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ സാഹസിക പാർക്കും ട്രെയിനിംഗ് സെന്ററും ആരംഭിക്കുവാൻ ഈ കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു.<br><br>അതിൻ പ്രകാരം ശാസ്താംപാറ അഡ്വഞ്ചർ പാർക്ക് അൻഡ് ട്രെയിനിംഗ് സെന്റർ എന്ന പദ്ധതിയുടെ പ്രീ ബിഡ് മീറ്റിംഗ് 22.04.2025 തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ച് ടൂറിസം ഡയറക്ടറുടെ നേതൃത്വത്തിൽ ചേരുകയുണ്ടായി. 34 ഇൻവസ്റ്റേഴ്സ് ഈ മീറ്റിംഗിൽ പങ്കെടുക്കുകയും, പദ്ധതി പ്രദേശം സന്ദർശിച്ച് വിലയിരുത്തുകയും ചെയ്തു.<br><br>അതിന്റെ അടിസ്ഥാനത്തിൽ ശാസ്താം പാറ അഡ്വഞ്ചർ പാർക്ക് അൻഡ് ട്രെയിനിംഗ് സെന്റർ എന്ന പദ്ധതി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനായി KATPS രണ്ടു തവണ ടെണ്ടർ ക്ഷണിച്ചു എങ്കിലും ആരും തന്നെ പങ്കെടുത്തിരുന്നില്ല . റീ ടെണ്ടർ നടത്തി അതിലൂടെ ഇൻവെസ്റ്ററെ കണ്ടെത്താനുള്ള നടപടികൾ KATPS സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ